പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 401 06.02.2013-ൽ മറുപടിയ്ക്ക്

## വൈദ്യുതി ഉപഭോഗവും ഉൽപാദന ചെലവും

ചോദ്യം

ശ്രീ. ഇ.പി. ജയരാജൻ :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്

(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) 2012-2013 സാമ്പത്തിക വർഷത്തിൽ, നാളിതുവരെയുള്ള കണക്കനുസരിച്ച് കേരളത്തിന്റെ ഊർജ്ജ ഉപഭോഗം എത്ര മില്യൺ യൂണിറ്റാണെന്ന് വ്യക്തമാക്കുമോ;

(എ) 2012-13 സാമ്പത്തിക വർഷത്തിൽ 29.01.2013 വരെയുളള കണക്കനുസരിച്ച് കേരളത്തിൻെറ ഊർജ്ജ ഉപഭോഗം 16606.98 മില്യൺ യൂണിറ്റാണ്.

(ബി) ഈ കാലയളവിൽ സംസ്ഥാനത്തിന്റെ തനതുൽപാദനം എത്ര മില്യൺ യൂണിറ്റാണെന്ന് വ്യക്തമാക്കുമോ;

(ബി) ടി. കാലയളവിൽ സംസ്ഥാനത്തിൻെറ തനതുല്പാദനം 6129.03 മില്യൺ യൂണിറ്റാണ്.

(സി) ഈ കാലയളവിൽ കേന്ദ്രവിഹിതമായി എത്ര മെഗാവാട്ട് വൈദ്യുതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) 2012 -13 ൽ ലഭിച്ച കേന്ദ്ര വിഹിതം.

| | | Off peak (MW) | Peak (MW) |
|---|---|---|---|
| 06.04.2012 | 14.04.2012 | 1312 | 1318 |
| 15.04.2012 | 31.05.2012 | 1362.49 | 1367.62 |
| 01.06.2012 | 15.06.2012 | 1493.66 | 1498.79 |
| 16.06.2012 | 12.07.2012 | 1492.7 | 1498 |
| 13.07.2012 | 29.07.2012 | 1360.85 | 1366 |
| 30.07.2012 | 29.09.2012 | 1261 | 1266 |
| 30.09.2012 | 24.10.2012 | 1308 | 1313 |
| 25.10.2012 | 28.11.2012 | 1303 | 1303 |
| 29.11.2012 | 30.11.2012 | 1321 | 1324 |
| 01.12.2012 | Till date | 1271 | 1274 |

(ഡി) സംസ്ഥാനത്തിന്റെ ഊർജ്ജാവശ്യകതയനുസരിച്ച് ഈ കാലയളവിൽ എത്ര മെഗാവാട്ട് വൈദ്യുതിയാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തിൻെറ ഊർജ്ജാവശ്യകത കണക്കിലെടുത്ത് 2012-13 സാമ്പത്തിക വർഷത്തിൽ ദാമോദർ വാലി കോർപ്പറേഷൻെറ മേജിയ താപ വൈദ്യുത നിലയത്തിൽ നിന്ന് 250 മെഗാവാട്ട് വൈദ്യുതി അനുവദിച്ച് നൽകാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. കൂടാതെ ഡൽഹി സറണ്ടർ ചെയ്ത എൻ.ടി.പി.സി

സ്റ്റേഷനുകളിലെ 229 മെഗാവാട്ട് ആർ.റ്റി.സി (00 to 24 hrs) വൈദ്യുതിയും 420 മെഗാവാട്ട് (00 to 06 hrs) വൈദ്യുതിയും നവംബർ 2012 മുതൽ മാർച്ച് 2013 വരെയും ആവശ്യപ്പെട്ടിരുന്നു. അരാവല്ലി പവർ കോർപ്പറേഷൻെറ ഝജ്ജർ സ്റ്റേഷനിൽ നിന്നും 362.64 മെഗാവാട്ട് വൈദ്യുതി 2014 മെയ് 31 വരെ കേരളത്തിന് അനുവദിക്കാൻ അനുമതിയ്ക്കായി കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കൂടാതെ കേന്ദ്ര പൂളിൽപ്പെട്ട കിഴക്കൻ മേഖലയിലുള്ള എൻ.ടി.പി.സി. സ്റ്റേഷനുകളിൽ നിന്നും 100 മെഗാവാട്ട് വിഹിതം കേരളത്തിന് പുനഃസ്ഥാപിക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) സംസ്ഥാനത്തിന്റെ തനതു ൽപാദനത്തിലൂടെ ലഭ്യമാകുന്ന ഒരു മെഗാവാട്ട് വൈദ്യുതിക്ക് വേണ്ടി വരുന്ന ശരാശരി ഉൽപാദനച്ചെലവ് എത്രയെന്നും കേന്ദ്രവിഹിതമായി ലഭിക്കുന്ന വൈദ്യുതിക്ക് ഒരു മെഗാവാട്ടിന് നൽകേണ്ടിവരുന്ന ശരാശരി നിരക്ക് എത്രയെന്നും വ്യക്തമാക്കുമോ?

(ഇ) സംസ്ഥാനത്തെ, വൈദ്യുതി ബോർഡിൻെറ ജലവൈദ്യുതി നിലയങ്ങളിലെ ശരാശരി ഉല്പാദന ചെലവ് അഗ്രിഗേറ്റ് റവന്യൂ റിക്വയർമെൻറ് (ARR) estimate പ്രകാരം 85 പൈസയും ബോർഡിൻെറ തന്നെ ദ്രവ ഇന്ധന നിലയങ്ങളായ, കെ.ഡി.പി.പി, ബി.ഡി.പി.പി തുടങ്ങിയവയിൽ നിന്നുള്ള വൈദ്യുതിയുടെ ശരാശരി ഉല്പാദന ചെലവ് യൂണിറ്റൊന്നിന് 11 രൂപയും ആകുന്നു.

കേന്ദ്ര പൂളിൽ നിന്നു വിഹിതമായി കേരളത്തിനു ലഭിക്കുന്ന വൈദ്യുതിക്ക് യൂണിറ്റൊന്നിന് ശരാശരി 3 രൂ 20 പൈസ വില ആകുന്നുണ്ട്.

സെക്ഷൻ ഓഫീസർ.